പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 700 28.09.2011 —ൽ മറുപടിക്ക്

**കയർ മേഖലയിലെ കേന്ദ്ര സഹായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം<br>,, ബി. സത്യൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, സി. കൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) : സംസ്ഥാനത്തെ കയർമേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും, കേന്ദ്ര സഹായ പദ്ധതികളും മറ്റു മേഖലകളെ അപേക്ഷിച്ച് വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൈത്തറി മേഖലയെ അപേക്ഷിച്ച് കയർ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറവാണ്. |
| (ബി) : നവീകരണവും പുനഃസംഘടനയും ആവശ്യമായ കയർ വ്യവസായത്തിന് കേന്ദ്ര സഹായ പദ്ധതികൾ നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>*(സി)* : ചകിരി സംസ്കരണം, കയർപിരി ഉല്പന്ന നിർമ്മാണം, യന്ത്രവല്ക്കരണം തുടങ്ങിയ മേഖലകളിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; | ബി)&(സി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേന്ദ്ര സർക്കാർ വഴി കയർ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കയർ വ്യവസായത്തിലെ ആധുനികവൽക്കരണം സാങ്കേതിക ഉന്നമനം, പുനരുദ്ധാരണം തുടങ്ങി വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു. മാത്രമല്ല, തൊണ്ട് സംഭരണം, കയർപിരി മേഖല എന്നിവയെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ